"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിന്നുള്ള ശ്രീ. ലാസർ എ.യുടെ രാജിയും പകരം ക്രമീകരണവും - MGNREGS സ്റ്റേറ്റ് മിഷനിലെ ജോയിന്റ് ഡയറക്ടർ ശ്രീ.രവിരാജ് ആർ. ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ താൽക്കാലിക അധിക ചുമതല നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2985/2025/LSGD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:- 1. സ.ഉ.(അച്ചടി)നം.84/2022/ൽ.എസ്.ജി.ഡി.തിയതി.31.12.2022

2. സ.ഉ.(സാധാ)നം.169/2024/LSGD തീയതി.20.01.2024

3. സ.ഉ.(സാധാ)നം.457/2025/LSGD തീയതി.13.02.2025

4. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻറെ 3.11.2025 തിയതിയിലെ 2/2024/KTTB/CEO/ESTA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2021ലെ 29) അടിസ്ഥാനത്തിൽ, പരാമർശ ഉത്തരവ് (1) ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. മേൽ പരാമർശം (2) ഉത്തരവ് പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി മഹാത്മാഗാന്ധി NREGS സംസ്ഥാന മിഷനിലെ ജോയിന്റ് ഡയറക്ടറായി വിരമിച്ച ശ്രീ.ലാസർ എ. യെ, ഒരു വർഷത്തേക്ക് കരാറിൽ നിയമിക്കുകയും മേൽ പരാമർശിത ഉത്തരവ് (3) പ്രകാരം ഒരു വർഷത്തേക്കു കൂടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി കരാർ പുതുക്കി ജോലി തുടരുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. വ്യക്തിപരവും കുടുംബപരവുമായ കാരണങ്ങളാൽ 15.12.2025-ാം തീയതിക്കു ശേഷം ടിയാന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 15.12.2025 പ്രാബല്യത്തിൽ ജോലിയിൽ നിന്നും രാജി

വയ്ക്കുന്നതായി അറിയിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും ടിയാന്റെ രാജി **15.12.2025** പ്രാബല്യത്തിൽ സ്വീകരിക്കണമെന്നും ബോർഡിന്റെ രൂപീകരണ പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ചിട്ടുള്ളതും കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമവും പദ്ധതി സംബന്ധിച്ച് അറിവുള്ളതുമായ ശ്രീ.രവിരാജ്. ആർ, ജോയിന്റ് ഡയറക്ടർ മഹാത്മാഗാന്ധി **NREGS**-ന് പകരം ചുമതല നൽകുന്നത് അഭികാമ്യമായിരിക്കുമെന്നും സൂചന (4) കത്ത് പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ അറിയിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ച ശ്രീ.ലാസർ. എ. **15.12.2025** പ്രാബല്യത്തിൽ ജോലിയിൽ നിന്നും രാജി വച്ച സാഹചര്യത്തിൽ, ബോർഡിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഭരണപരമായ താല്ക്കാലിക ക്രമീകരണം ഏർപ്പെടുത്തേണ്ടതുണ്ടെന്നും ആയതിന് പരിചയസമ്പന്നനും ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അറിവുമുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമാണെന്നും സർക്കാർ മനസ്സിലാക്കുന്നു. ആയതിനാൽ, **MGNREGS** സ്റ്റേറ്റ് മിഷനിലെ ജോയിന്റ് ഡയറക്ടർ ശ്രീ.രവിരാജ് ആർ. ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ താൽക്കാലിക അധിക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:ചെയർമാൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
ശ്രീ.രവിരാജ്. ആർ., ജോയിന്റ് ഡയറക്ടർ, **MGNREGS**സ്റ്റേറ്റ് മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്
മിഷൻ ഡയറക്ടർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ(ഐ&പി. ആർ.ഡി)
ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 16-12-2025 16:41:02
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്